LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ നടത്തിയ പ്രവൃത്തികൾ

100 (849) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര റോഡുകളുണ്ടെന്ന് അവയുടെ പേര്, ദൈർഘ്യം, വീതി, സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് തുടങ്ങിയ വിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

കാസർഗോഡ് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു*. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ദേശീയപാത 66 കി.മീ. 43/000 (മൊഗ്രാൽ പാലം) മുതൽ കി.മീ. 61/000 (തെക്കിൽ പാലം) വരെ 18 കി.മീ. നീളത്തിലും 7 മീറ്റർ വീതിയിലും മൊഗ്രാൽ പുത്തൂർ പഞ്ചായത്ത്, കാസർഗോഡ് മുനിസിപ്പാലിറ്റി, ചെങ്കള പഞ്ചായത്ത് എന്നിവിടങ്ങളിലൂടെ കടന്നുപോകുന്നു. നിലവിൽ പ്രസ്തുത റോഡ് 12-05-2020-ലെ ഇന്ത്യാ ഗവൺമെന്റ് ഗസറ്റ് നോട്ടിഫിക്കേഷൻപ്രകാരം ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യക്ക് ഏൽപ്പിച്ചിരിക്കുകയാണ്. മംഗൽപാടി, പൈവളിഗെ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന 15.60 കി.മീ. ദൈർഘ്യവും 5.5 മീറ്റർ വീതിയുമുള്ള ഉപ്പളം - കനിയാന റോഡ്, കാസർഗോഡ് മുനിസിപ്പാലിറ്റി, മധൂർ, പുതിഗെ പഞ്ചായത്ത് എന്നിവയിലൂടെ കടന്നുപോകുന്ന 9.40 കി.മീ. ദൈർഘ്യവും 7 മീറ്റർ വീതിയുമുള്ള വിദ്യാനഗർ - സീതാംഗോളി റോഡ് എന്നിവ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിനുകീഴിലുള്ള റോഡുകളാണ്. പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ 1-11-2017-ന് പൂർത്തീകരിച്ചു. 14 വർഷക്കാലത്തെ ഓപ്പറേഷൻ & മെയിന്റനൻസും ഉൾപ്പെടുത്തിയാണ് ടി പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഇപ്പോൾ ഈ റോഡുകൾ ഓപ്പറേഷൻ മെയിന്റനൻസ് പിരീഡിലാണ്.

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ഈ റോഡുകളിൽ നടത്തിയ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ആയതിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ പ്രസ്തുത റോഡുകളിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ നടത്തിയ പ്രധാനപ്പെട്ട പ്രവൃത്തികളുടെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ നടത്തിയ പ്രവൃത്തികളുടെ വിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മണ്ഡലത്തിലെ ഏതെല്ലാം റോഡുകളും പാലങ്ങളുമാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഏത് വർഷത്തിലാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിവരം അനുബന്ധം IV ആയി ചേർത്തിരിക്കുന്നു*. കൂടാതെ തീരദേശ ഹൈവേയുടെ ഭാഗമായി കീഴൂർ ബീച്ചിനേയും കാസർഗോഡ് ഹാർബറിനേയും ബന്ധിപ്പിക്കുന്ന കാസർഗോഡ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി കിഫ്ബിയിലുൾപ്പെടുത്തി നടന്നുവരുന്നു.

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഈ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിവരം അനുബന്ധം IV ആയി ചേർത്തിരിക്കുന്നു*. കൂടാതെ തീരദേശ ഹൈവേയുടെ ഭാഗമായി കീഴൂർ ബീച്ചിനേയും കാസർഗോഡ് ഹാർബറിനേയും ബന്ധിപ്പിക്കുന്ന കാസർഗോഡ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി കിഫ്ബിയിലുൾപ്പെടുത്തി നടന്നുവരുന്നു.

(ഇ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിലേതെങ്കിലും ഫണ്ടിന്റെ കുറവ് കാരണം മുടങ്ങികിടക്കുന്നുണ്ടോയെന്നും ഏതെങ്കിലും പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കിട്ടിയിട്ടുണ്ടോയെന്നും എങ്കിൽ ആർ.ഇ. അനുവദിച്ച് പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

കിഫ്ബി പ്രവൃത്തികളൊന്നുംതന്നെ ഫണ്ടിന്റെ കുറവുമൂലം മുടങ്ങിയിട്ടില്ല. പ്രവൃത്തി പുരോഗമിക്കുന്ന 3 പ്രവൃത്തികൾക്കും റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ഇവ അംഗീകരിക്കുന്നതിനുവേണ്ടിയുള്ള പരിശോധനകൾ പുരോഗമിക്കുകയാണ്. പരിശോധനകൾ പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവിൽ റോഡ് ടെണ്ടർ നടപടികൾ

101 (850) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠപുരം - ചെമ്പന്തൊട്ടി - നടുവിൽ റോഡിന്റെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.